(ബി) എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) ആൻറ് (ബി) 1976-ലെ വിദേശ ധന സഹായ (നിയന്ത്രണ) നിയമമനുസരിച്ച് ഇതിനാവശ്യമായ സംവിധാനം കേന്ദ്ര ആഭ്യന്തര വകുപ്പിൽ ഉണ്ട്.

അസോസിയേഷൻ ഓഫ് കേരള എംപ്ലോയീസ് ഓൺ ലീവ്

വർക്കിംഗ് അബ്രോഡ്

1468. [2209] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അസോസിയേഷൻ ഓഫ് കേരള എംപ്ലോയീസ് ഓൺ ലീവ് വർക്കിംഗ് അബ്രോഡ് (എ.കെ.ഇ.എൻ.ഡബ്ല്യു.എ.) എന്ന സംഘടനയുടെ കൺവീനറിൽനിന്ന് മെമ്മോറാണ്ടം ലഭിച്ചിട്ടുണ്ടോ ;

(ബി) മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുള്ളതെന്തെല്ലാമാണ് ;

(സി) ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ടി സംഘടനയുടെ, പ്രസിഡൻറും സെക്രട്ടറിയും ചേർന്നു നൽകിയ മെമ്മോറാണ്ടം ലഭിച്ചിട്ടുണ്ട്.

(ബി) മെച്ചപ്പെട്ട ജോലി തേടി അന്യരാജ്യങ്ങളിൽ പോകാൻ ഗവൺമെൻറ് ജീവനക്കാർക്ക് അവധി അനുവദിക്കുന്നതിന് നിലവിലിരിക്കുന്ന നിയമങ്ങളിലെ വ്യവസ്ഥകൾ ഉദാരമാക്കണമെന്നും മറ്റുമുള്ള ആവശ്യങ്ങളാണ് മെമ്മോറാണ്ടത്തിൽ ഉന്നയിച്ചിരുന്നത്.

(സി) ടി മെമ്മോറാണ്ടത്തിലെ ആവശ്യപ്രകാരം നിലവിലുള്ള നിയമങ്ങളിലെ വ്യവസ്ഥകൾ കൂടുതൽ ഉദാരമാക്കാൻ നിവർത്തിയില്ലാ എന്ന മറുപടി നൽകിയിട്ടുണ്ട്.

സീബ്രാ ലൈൻ വരയ്ക്കുന്ന സമ്പ്രദായം

1469. [2210] ശ്രീ. വി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിറ്റികളിലെ പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ സീബ്രാ ലൈൻ വരയ്ക്കുന്ന സമ്പ്രദായം ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് ഏർപ്പെടുത്തിയിരിക്കുന്നതിൻെറ ഉദ്ദേശ്യം എന്തെന്ന് വ്യക്തമാക്കുമോ ;

(സി) സീബ്രാ ലൈൻ ഉള്ള ഭാഗത്ത് വാഹനങ്ങൾ സ്പീഡ് കുറയ്ക്കുന്നമെന്ന് വ്യവസ്ഥയുണ്ടോ ;

(ഡി) കാൽനടക്കാർ നിശ്ചിത സ്ഥാനത്തുകൂടി റോഡ് ക്രോസ് ചെയ്യുമ്പോഴും വാഹനങ്ങൾ സ്പീഡ് കുറയ്ക്കാതെ ഓടിച്ചു പോകുന്ന സ്ഥിതി ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാൽനട യാത്രക്കാർക്ക് സുരക്ഷിതമായും സുഗമമായും റോഡ് മുറിച്ച് കടക്കുന്നതിനുവേണ്ടിയാണ് ഈ സമ്പ്രദായം ഏർപ്പെടുത്തിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly